(ഡി) എങ്കിൽ ഇവരെ സംരക്ഷിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) സംസ്ഥാനത്ത് സർക്കാർ കോളേജുകളിൽ ലക്ചറർ നിയമനത്തിനുള്ള പ്രായപരിധി രണ്ട് വർഷത്തേക്ക് 40 വയസ്സായി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഫയർഫോഴ്സിലെ ക്ലാർക്കുമാരുടെ നിയമനം

84 [2572] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ സ്റ്റേഷനുകളിൽ ആഫീസ് പ്രവർത്തനത്തിനായി എത്ര ക്ലാർക്ക് തസ്തികയാണ് നിലവിലുള്ളത്;

(ബി) അസിസ്റ്റന്റ് ഡിവിഷണൽ ആഫീസറന്മാരുടെ ആഫീസുകളിൽ എത്ര ക്ലാർക്ക് തസ്തികയാണ് അനുവദിച്ചിട്ടുള്ളത്;

(സി) അസിസ്റ്റന്റ് ഡിവിഷണൽ ആഫീസുകളിൽ എത്ര ക്ലാർക്കുമാർ അധികമായി ജോലി ചെയ്യുന്നുവെന്നും എന്തു വ്യവസ്ഥയിലാണെന്നും വ്യക്തമാക്കുമോ;

(ഡി) ക്ലാർക്കുമാരുടെ കുറവ് മൂലം ഫയർസ്റ്റേഷനുകളിലെ പ്രവർത്തനത്തിലുള്ള ബുദ്ധിമുട്ടൊഴിവാക്കാൻ ഡിവിഷണൽ ആഫീസുകളിൽനിന്നും അവരെ സ്റ്റേഷനുകളിലേക്ക് മാറ്റി നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഫയർ സ്റ്റേഷനുകളുടെ പ്രവർത്തനം സുഗമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരു എൽ.ഡി. ക്ലാർക്ക് തസ്തിക നിലവിലുണ്ട്.

(ബി) ഓരോ ക്ലാർക്ക് തസ്തിക വീതം അനുവദിച്ചിട്ടുണ്ട്.

(സി) അസിസ്റ്റന്റ് ഡിവിഷണൽ ആഫീസുകളിൽ അധികമായി ജോലി ചെയ്യുന്ന ക്ലാർക്കുമാരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. ജില്ലാ ആഫീസുകളിലെ ജോലിഭാരം വർദ്ധിച്ചതിനാലാണ് സ്റ്റേഷനുകളിലെ ക്ലാർക്കുമാരെ സ്പെഷ്യൽ ഡ്യൂട്ടി ആയി ഡിവിഷണൽ ആഫീസുകളിലേക്ക് വിന്യസിപ്പിച്ചത്.

ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഫയർ സ്റ്റേഷനുകളുടെ പ്രവർത്തനം സുഗമമാക്കാൻ ഒഴിവുള്ള തസ്തികകൾ നികത്തുവാനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു. ഓരോ നിലയത്തിനും ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും പൂർണ്ണതോതിൽ ലഭ്യമാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly